## വഴിവെളിച്ചം

# ദാനധർമങ്ങളുടെ ശ്രേഷ്ഠത

عَنْ أَبِى هُرَيْرَةَ رَضِيَ اللَّهُ عَنْهُ ، قَالَ : قَالَ رَسُولُ اللَّهِ □ : مَنْ تَصَدَّقَ بِعِدْلِ تَمْرَةٍ مِنْ كَسْبٍ طَيِّبٍ - وَلاَ يَقْبَلُ اللَّهُ إِلاَّ الطَّيِّبَ - فَإِنَّ اللَّهَ يَتَقَبَّلُهَا بِيَمِينِهِ ، ثُمَّ يُرَبِّيهَا لِصَاحِبِهَا كَمَا يُرَبِّي أَحَدُكُمْ فُلُوَّهُ حَتَّى تَكُونَ مِثْلَ الْجَبَلِ

**അബൂഹുറയ്റ(റ)യിൽനിന്ന്: പ്രവാചകൻ(സ) പറഞ്ഞു: 'ആരെങ്കിലും തന്റെ പരിശുദ്ധമായ സമ്പാദ്യത്തിൽനിന്നും -പരിശുദ്ധമായത് മാത്രമേ അല്ലാഹു സ്വീകരിക്കുകയുള്ളൂ- ഒരു കാരക്കയുടെ അത്ര ദാനം ചെയ്താൽ അല്ലാഹു തന്റെ വലംകൈകൊണ്ട് അത് സ്വീകരിക്കും. എന്നിട്ട് നിങ്ങളിലൊരാൾ തന്റെ കുതിരക്കുട്ടിയെ പോറ്റിവളർത്തുന്നതുപോലെ അതിനെ വളർത്തിക്കൊണ്ടിരിക്കും; ഒരു പർവതത്തോളം വലുതാകുന്നതുവരെ!"***

**ഇസ്‌ലാം** വ്യക്തിയിൽ നട്ടുവളർത്തുന്ന ശ്രേഷ്ഠ ഗുണങ്ങളിൽ പ്രധാനമാണ് ദാനശീലം. തന്നെപോലെ സഹജീവികളെയും നോക്കിക്കാണുകയും തനിക്ക് നൽകപ്പെട്ട ദൈവാനുഗ്രഹങ്ങൾ അവരുമായി പങ്കുവെക്കുകയും ചെയ്യലാണത്. നമസ്കാരവും നോമ്പും മറ്റു ആരാധനകളുമെന്നപോലെ വിശ്വാസിയുടെ ജീവിതത്തിൽ ദാനശീലവും നിറഞ്ഞുനിൽക്കണം. അഗതികളോടും അനാഥകളോടും സമൂഹത്തിൽ അവശതയനുഭവിക്കുന്ന മുഴുവൻ ആളുകളോടുമുള്ള കാരുണ്യവും സഹാനുഭൂതിയും ഈമാനിന്റെ അടയാളങ്ങളാണ്. അവയില്ലാതെ വിശ്വാസം പൂർണമാവുകയില്ല. അല്ലാഹു ഓർമപ്പെടുത്തുന്നു: "നിങ്ങളുടെ മുഖങ്ങൾ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിക്കുക എന്നതല്ല പുണ്യം; അല്ലാഹുവിലും അന്ത്യദിനത്തിലും മലക്കുകളിലും വേദഗ്രന്ഥങ്ങളിലും പ്രവാചകന്മാരിലും വിശ്വസിക്കുകയും സമ്പത്തിനോട് പ്രിയമുള്ളതോടൊപ്പം തന്നെ ബന്ധുക്കൾ, അനാഥർ, അഗതികൾ, വഴിപോക്കർ, ചോദിച്ചുവരുന്നവർ, അടിമമോചനം എന്നിവക്കുവേണ്ടി അത് ചെലവഴിച്ചുകൊണ്ടിരിക്കുകയും നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കുകയും സകാത്ത് കൊടുത്തുവീട്ടുകയും കരാറിലേർപ്പെട്ടാൽ അത് പൂർത്തീകരിക്കുകയും വിഷമതകളും ദുരിതങ്ങളും നേരിടുമ്പോൾ യുദ്ധരംഗത്ത് ക്ഷമ അവലംബിക്കുകയും ചെയ്യലാണ് പുണ്യം. അവരാകുന്നു സത്യം പറയുന്നവർ. അവരത്രെ സൂക്ഷ്മത കാണിക്കുന്നവരും" (*അൽബഖറ* 177).

വിശ്വാസികളുടെ സ്വഭാവ ഗുണങ്ങളിലൊന്നായി ദാനശീലത്തെ പരാമർശിക്കുന്ന നിരവധി ഖുർആൻ സൂക്തങ്ങളുണ്ട്: "അദൃശ്യങ്ങളിൽ വിശ്വസിക്കുകയും നമസ്കാരം മുറപ്രകാരം നിർവഹിക്കുകയും നാം നൽകിയതിൽനിന്ന് ചെലവഴിക്കുകയും ചെയ്യുന്നവരാണ് ഭക്തന്മാർ"( *അൽബഖറ* 2,3). "പേടിയോടും പ്രത്യാശയോടും കൂടി തങ്ങളുടെ നാഥനോട് പ്രാർഥിക്കാനായി കിടപ്പിടങ്ങളിൽനിന്ന് അവരുടെ പാർശ്വങ്ങൾ ഉയർന്ന് അകന്നുപോകുന്നു. നാം അവർക്ക് നൽകിയതിൽനിന്ന് അവർ ചെലവഴിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു" (*അസ്സജദ* 16).

ദാനശീലർക്ക് അല്ലാഹുവിന്റെ പ്രത്യേകമായ കാരുണ്യവും അനുഗ്രഹവും ലഭിക്കുമെന്ന് പ്രവാചകൻ(സ) ഉണർത്തിയിട്ടുണ്ട്. അവിടുന്ന് പറഞ്ഞു:

"നിശ്ചയം, ദാനം അതിന്റെ ആളുകൾക്ക് ഖബറുകളിലെ ഉഷ്ണത്തെ കെടുത്തികളയുന്നതാണ്. അന്ത്യനാളിൽ വിശ്വാസി അവന്റെ ദാനധർമങ്ങളുടെ തണലിലായിരിക്കും കഴിഞ്ഞുകൂടുക (ത്വബ്റാനി-കബീർ, ബൈഹഖി-ശുഅബുൽ ഈമാൻ 3347).

അന്ത്യനാളിൽ ദാനധർമങ്ങൾ എപ്രകാരമാണ് മനുഷ്യന്റെ രക്ഷക്കെത്തുക എന്ന് ഒരു ഉപമയിലൂടെ പ്രവാചകൻ(സ) വ്യക്തമാക്കുന്നു:

"ഞാൻ നിങ്ങളോട് ദാനം കൽപിക്കുന്നു. ദാനത്തിന്റെ ഉപമ ഇങ്ങനെയാണ്: ഒരു മനുഷ്യനെ അയാളുടെ ശത്രുക്കൾ ബന്ധനസ്ഥനാക്കി. കൈകൾ പിടലിയോട് ചേർത്തുകെട്ടി. അയാളുടെ തല വെട്ടാനായി അവർ അയാളെ സമീപിച്ചു. അന്നേരമയാൾ ചോദിച്ചു: മോചനദ്രവ്യം നൽകിയാൽ നിങ്ങളെന്നെ വിട്ടയക്കുമോ? അങ്ങനെ കൈയിലുള്ള ചെറുതും വലുതുമായ സർവതും അയാൾ ദാനം ചെയ്തു. ഒടുവിൽ മോചിതനാവുകയും ചെയ്തു'' (തിർമിദി 2863, ഇബ്നുഖുസൈമ 2/64, ഇബ്നു ഹിബ്ബാൻ 6200, ഹാകിം 1/236).

ദാനംചെയ്യുന്നവന് ദൈവസന്നിധിയിൽ ഒരുക്കിവെച്ചിട്ടുള്ള പ്രതിഫലത്തിന്റെ ആധിക്യത്തെ കുറിക്കുന്നതാണ് ആദ്യംകൊടുത്ത ഹദീസ്. ദാനം, അതെത്ര ചെറുതാണെങ്കിലും ആത്മാർഥതയോടുകൂടിയാണ് നൽകുന്നതെങ്കിൽ തന്റെ വലതുകരം നീട്ടി സന്തോഷപൂർവം അല്ലാഹു അത് സ്വീകരിക്കും. പിന്നീട് ഒരാൾ തന്റെ കുതിരക്കുട്ടിയെ പരിപാലിക്കുന്നതുപോലെ ശ്രദ്ധാപൂർവം അവൻ അതിനെ പോഷിപ്പിച്ചുകൊണ്ടിരിക്കും. ഒടുവിൽ വിചാരണനാളിൽ പർവതസമാനം വലിയ പ്രതിഫലക്കൂമ്പാരമായി ദാനശീലന് തന്നെ അത് തിരിച്ചുകൊടുക്കും!

ദാനം സ്വീകരിക്കപ്പെടാൻ പ്രധാനപ്പെട്ട ഒരു നിബന്ധനയുണ്ട്. ധനം വിശുദ്ധമാകണമെന്നതാണത്. നിഷിദ്ധ മാർഗത്തിലൂടെ നേടിയെടുത്ത ധനം അല്ലാഹു സ്വീകരിക്കുകയില്ല; അതെത്ര കൂടുതലുണ്ടെങ്കിലും ശരി!

"ഒരു കാരക്കയുടെ അത്രയെങ്കിലും ദാനം ചെയ്യുക" എന്ന പ്രയോഗം ദാനശീലം സമൂഹത്തിലെ പണക്കാർക്ക് മാത്രമുണ്ടാവേണ്ടതല്ല, സാധാരണക്കാർക്കു കൂടി ഉണ്ടാവേണ്ടതാണെന്ന് സൂചിപ്പിക്കുന്നു. പ്രവാചകൻ (സ) ഓർമിപ്പിക്കാറുണ്ടായിരുന്നു:

"നിങ്ങൾ നരകത്തെ സൂക്ഷിക്കുക; ഒരു ഈത്തപ്പഴച്ചീന്ത് ദാനം ചെയ്തുകൊണ്ടെങ്കിലും; അതിനും സാധ്യമല്ലെങ്കിൽ ഒരു നല്ല വാക്ക് പറഞ്ഞുകൊണ്ടെങ്കിലും!" (ബുഖാരി 6563, മുസ്‌ലിം 1016). ■

**ജഅ്ഫർ എളമ്പിലാക്കോട്**

* ഇമാം ബുഖാരി 1410, മുസ്‌ലിം 1014, നസാഈ 5/57, തിർമിദി 661, ഇബ്നുമാജ 1842, ഇബ്നുഖുസൈമ 2425 തുടങ്ങിയവർ